E10

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

**നമ്പർ 9272/ആർ.(2)/2013/ഉ.ഭ.പ.വ.** *തീയതി, തിരുവനന്തപുരം, 2013 ജൂലൈ 25.*

# സർക്കുലർ

*വിഷയം:*—ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്—പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ്—നിലവിലുള്ള ഒഴിവുകൾ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.

1975-ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് വിശേഷാൽ ചട്ടപ്രകാരം പാർട്ട് ടൈം ഒഴിവുകളിലേക്കുള്ള നിയമനം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണ് നടത്തേണ്ടത്. എന്നാൽ വിവിധ വകുപ്പുകളിലുള്ള പാർട്ട് ടൈം കണ്ടിജന്റ് തസ്തികകളിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ ചില നിയമനാധികാരികൾ യഥാസമയം എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് മേൽ ചട്ടത്തിന് വിരുദ്ധമായതിനാൽ സർക്കാർ ഈ വിഷയം ഗൗരവമായി കാണുന്നു.

മേൽ സാഹചര്യത്തിൽ, എല്ലാ നിയമനാധികാരികളും നിലവിലുള്ള പാർട്ട് ടൈം തസ്തികകളിലെ ഒഴിവുകൾ അടിയന്തിരമായി എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യണമെന്നും, ആയതിന്റെ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പിനും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനും ലഭ്യമാക്കണമെന്നും എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**ററി. ജെ. മാത്യു,**

*സെക്രട്ടറി.*

GCPT. 3/4331/2013/TP.

[മറുപുറം

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും (ടി സർക്കുലർ അതാത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ നിയമനാധികാരികളുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും.

എല്ലാ ജില്ലാകളക്ടർമാർക്കും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുകാർക്കും/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം)

വിവരപൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).

വിവരപൊതുജന സമ്പർക്ക (ഇൻഫർമേഷൻ വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന്.

(കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: E10-42121/13.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 7-12-2013.

# പരിപത്രം

വിഷയം: സാ.നീതി വകുപ്പ് - ജീവനക്കാര്യം - പാർട്ട് ടൈം കണ്ടിജന്റ് സർവീസ്- നിലവിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന: ഉദ്യോഗസ്ഥഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 25.7.2013 തീയതിയിലെ 9272/R(2)/2013/ഉ.ഭ.പ.വ നം. സർക്കുലർ.

വിവിധ വകുപ്പുകളിലെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുന്നതിന് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിലെ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി എല്ലാ കാര്യാലയ മേധാവികളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ കാര്യാലയ മേധാവികൾക്കും.

DB/2013